(സി) ട്രെയിനിംഗില്ലാത്ത അത്തരം അദ്ധ്യാപകരെ തൊട്ടടുത്ത വർഷത്തിൽ ട്രെയിനിംഗിനു് അയയ്ക്കുകയാണു് പതിവു്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

ട്രെയിനിംഗ് ലഭിക്കാത്ത അദ്ധ്യാപകർ

3. [3] ശ്രീ. ടി. കെ. രാമകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് വിദ്യാഭ്യാസ മന്ത്രി സദയം മറുപടി നൽകുമോ :

(എ) ഗവണ്മെന്റു് പ്രൈമറി സ്കൂളുകളിൽ ട്രെയിനിംഗ് ലഭിക്കാത്തവരെ അദ്ധ്യാപകരായി നിയമിക്കുന്ന പതിവു് നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ട്രെയിനിംഗ് ലഭിക്കാത്ത എത്രപേർ ഇപ്പോഴും പ്രൈമറി സ്കൂളിൽ അദ്ധ്യാപകരായി തുടരുന്നുണ്ടു് ;

(സി) പ്രസ്തുത അദ്ധ്യാപകർക്കു് ട്രെയിനിംഗ് ലഭിക്കുന്നതിനു് എന്തെങ്കിലും നടപടി ഗവണ്മെന്റു് സ്വീകരിച്ചിട്ടുണ്ടോ ;

(ഡി) ട്രെയിനിംഗ് ലഭിച്ചതിനുശേഷം പുനർനിയമനം നിഷേധിച്ചിട്ടുണ്ടോ ;

(ഇ) ഉണ്ടെങ്കിൽ കാരണമെന്തു് ?

ഉത്തരം

(എ) ഗവണ്മെന്റു് പ്രൈമറി സ്കൂളുകളിൽ അദ്ധ്യാപകരെ നിയമിക്കുന്നതു് പബ്ലിക്കു് സർവ്വീസ് കമ്മീഷൻ മുഖേനയാണു്. സാധാരണഗതിയിൽ ട്രെയിനിംഗ് ഉള്ളവരെ മാത്രമേ നിയമിക്കാറുള്ളൂ. എന്നിരുന്നാലും, സംവരണതത്വം നിയമനത്തിൽ പാലിക്കപ്പെടുന്നതിനായി അപൂർവ്വം ചില സന്ദർഭങ്ങളിൽ ട്രെയിനിംഗില്ലാത്തവരെ നിയമിക്കുവാൻ സർവ്വീസ് കമ്മീഷൻ ഉപദേശിക്കാറുണ്ടു്.

(ബി) അങ്ങിനെ ട്രെയിനിംഗില്ലാത്ത അദ്ധ്യാപകർ വളരെ വിരളമായതുകൊണ്ടു് അത്തരത്തിൽപ്പെട്ട അദ്ധ്യാപകരുടെ എണ്ണം ഗവണ്മെന്റു് ശേഖരിച്ചിട്ടില്ല.

(സി) ട്രെയിനിംഗില്ലാത്ത അത്തരം അദ്ധ്യാപകരെ തൊട്ടടുത്ത വർഷത്തിൽ ട്രെയിനിംഗിനു് അയയ്ക്കുകയാണു് പതിവു്.

(ഡി) ഇല്ല.

(ഇ) ചോദ്യം ഉദിക്കുന്നില്ല.

നാഷണൽ സേവിംഗ്സ് ഓർഗനൈസേഴ്സ്

4. [5] ശ്രീ. എ. പി. കുര്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് മുഖ്യമന്ത്രി സദയം മറുപടി പറയുമോ :

(എ) നാഷണൽ സേവിംഗ്സ് ഓർഗനൈസേഴ്സ് എന്ന പേരിൽ സംസ്ഥാനത്തെ വിവിധ ജില്ലകളിലായി എത്രപേരെ ഈ ഗവണ്മെന്റു് അധികാരത്തിൽ വന്നതിനുശേഷം നിയമിച്ചിട്ടുണ്ടു് ;

(ബി) ഇവരുടെ നിയമനത്തിന്റെ സ്വഭാവവും, വിദ്യാഭ്യാസയോഗ്യതയും, പ്രായപരിധിയും എന്തെന്നു് വിശദമാക്കാമോ ?

LIBRARY ARCHIVES Kerala Legislative Assembly